## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2687

10/12/2014-ൽ മറുപടിക്ക്

## മനുഷ്യരിലെ മരുന്ന് പരീക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) മനുഷ്യരിൽ മരുന്ന് പരീക്ഷണം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | Drugs and Cosmetics Rules 1945 ലെ Scheduled Y പ്രകാരം Clinical trial സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള Central Drugs Standard Control Organisation (CDSCO) Institutional Review Board , Ethical Committee എന്നിവയുടെ കർശന നിരീക്ഷണത്തിലാണ് രാജ്യത്ത് Clinical Trial.-കൾ നടത്തിവരുന്നത്. സംസ്ഥാനത്ത് Sreechithra Medical Centre, Regional Cancer Centre തുടങ്ങിയ സ്ഥാപനങ്ങളിലും, കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ക്ലീനിക്കൽ ട്രയലുകളും നടത്തിവരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും മേൽപറഞ്ഞ കമ്മിറ്റികൾ കാലകാലങ്ങളിൽ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നു മെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിനോ സംസ്ഥാന സർക്കാരിനോ പ്രത്യേക മാനദണ്ഡങ്ങൾ ഉ ണ്ടാക്കുന്നതിനുള്ള അധികാരമില്ല. |
| ബി) മരുന്ന് കമ്പനികളുടെ പ്രലോഭനത്തിന് വഴങ്ങി അനാവശ്യ മരുന്നുകൾ രോഗികളിൽ | ബി) | സംസ്ഥാനത്ത് ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തു |

അടിച്ചേൽപ്പിക്കുന്ന തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ കൗൺസിലു മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

ന്നത് Directorate of Health Services, (DHS), Directorate of Medical Education (DME), Indian Medical Association (IMA) എന്നീ സ്ഥാപനങ്ങൾ ആണ്. രോഗികൾക്ക് അനാവശ്യമായോ നിയമവിരുദ്ധമായോ മരുന്നുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കേണ്ടത് ഇന്ത്യൻ മെഡിക്കൽ കൗൺസിലാണ്.

സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ നിയമ നിർമ്മാണത്തിന് സമ്മർദ്ദം ചെലുത്തുമോ?

സി) രാജ്യത്ത് മരുന്നുകളുടെ ഉല്പാദനം. വിതരണം എന്നിവ നിയന്ത്രിക്കുന്ന ശക്തമായ നിയമനിർമ്മാണം നിലവിലുണ്ട്. എന്നാൽ ചികിത്സയുടെ ഭാഗമായി രോഗികൾക്ക് മരുന്ന് നിശ്ചയിക്കുക എന്നത് അതാത് ഡോക്ടർമാരുടെ പൂർണ്ണ അധികാരത്തിലുള്ളതാണ്. ഇതിൽ പാകപിഴ വന്നാൽ നടപടികൾ സ്വീകരിക്കാൻ Indian Medical Council-നും IMA - യ്ക്കും അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ